**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 5083**

**15.11.2019 – ൽ**
**മറുപടിയ്ക്ക്**

# നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ വികസനം

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) എറണാകുളം ജില്ലാ കൃഷിത്തോട്ടമായ നേര്യമംഗലം ഫാമിൽ സംയോജിത കൃഷി സമ്പ്രദായം പദ്ധതി, വിദേശ ഫലവൃക്ഷ ത്തോട്ട നിർമ്മാണം, പുതിയ പ്രജനനത്തോട്ടങ്ങൾ, നിലവിലുള്ള പ്രജനനത്തോട്ടങ്ങളുടെ പുനരുദ്ധാരണം, കുരുമുളക് തൈകളുടെ ഉത്പാദനം, അത്യുല്പാദനശേഷിയുള്ള കുറിയഇനം തെങ്ങുകളുടെ പ്രദർശനത്തോട്ടങ്ങൾ, ഔഷധ സസ്യഉദ്യാനം ഇടങ്ങിയ പദ്ധതികൾ 2018-19 സാമ്പത്തികവർഷം നടപ്പിലാക്കി . |
| ബി) ഇരുനൂറ് ഏക്കറിലധികം വ്യാപിച്ചു കിടക്കുന്നതും മുന്നൂറിലധികം പേർ ജോലി ചെയ്യുന്നതുമായ പ്രസ്തുത ജില്ലാ കൃഷിതോട്ടത്തിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടന്നു വരുന്നതെന്ന് വിശദീകരിക്കാമോ; | ബി) ആർ.കെ.വി.വൈ. പദ്ധതിയിൽ 3.75 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയ്ക്ക് 2019-20 വർഷം അനുമതി നൽകിയിട്ടുണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട് മോഡൽ കന്നുകാലി തൊഴുത്ത്, അലങ്കാര മത്സ്യകുളങ്ങൾ, റെയിൻ ഷെൽട്ടർ, പോളി ഹൗസുകൾ ഇടങ്ങിയവയുടെ നിർമ്മാണം ഇതിൽ ഉൾപ്പെടുന്നു. സംയോജിത കൃഷി സമ്പ്രദായം പദ്ധതിയിൽ 64.8 ലക്ഷം രൂപ നേര്യമംഗലം കൃഷിത്തോട്ടത്തിന് അനുവദിച്ചിട്ടുണ്ട്. പുതിയ പ്രജനനത്തോട്ടങ്ങൾ നിർമ്മിക്കൽ,കുരുമുളക് നഴ്സറി, വിദേശയിനം ഫല വൃക്ഷങ്ങളുടെ തോട്ട നിർമ്മാണം, പ്രദർശനത്തോട്ടങ്ങൾ എന്നിവയ്ക്കായി 22.64525 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ഫാമിൽ നടത്തി വരുന്നു.<br><br>കൂടാതെ എറണാകുളം ജില്ലാ പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം പച്ചക്കറി വികസനം, വാഴകൃഷി വികസനം, തെങ്ങുകൃഷി വികസനവും പുനരുദ്ധാരണവും, ജാതി കൃഷി വികസനം, കൊക്കോകൃഷി വികസനം, വിദേശ ഫല വൃക്ഷത്തോട്ടം, സുഗന്ധവ്യഞ്ജന കൃഷി, പൈനാപ്പിൾ കൃഷി, നടീൽ വസ്തുക്കളുടെ ഉല്പാദനം, അലങ്കാരച്ചെടികളുടെ ഉല്പാദനം, കിഴങ്ങുവർഗ്ഗവിളകളുടെ ഉല്പാദനം, നെല്ലും മീനും പദ്ധതി, ജൈവവളങ്ങളുടെ ഉല്പാദനം എന്നീ പദ്ധതികളിലുൾപ്പെടുത്തി 74.22 ലക്ഷം രൂപ അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. |
| സി) പ്രസ്തുത ഫാമിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സി) ഉണ്ട്. ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ 50 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാം എന്നാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ